(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ചാലക്കുടി മണ്ഡലത്തിലെ പരിയാരം വില്ലേജിനെ നോൺ ഇ.എസ്.എ. വില്ലേജായി പ്രഖ്യാപിക്കണമെന്ന ചാലക്കുടി പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ്.

**കോസ്റ്റൽ റെഗുലേഷൻ സോൺ നിയമം**

34 (4189) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. ആർ. ഇസഡ് .നിയമം കാരണം സംസ്ഥാനം നേരിടുന്ന ബുദ്ധിമുട്ടുകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ മുൻ സർക്കാരിന്റെ ഭരണകാലത്ത് വീഴ്ച ഉണ്ടായി എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഈ പ്രശ്നത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രവുമായി ബന്ധപ്പെട്ട് നടത്തിയ ഇടപെടലുകൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിൽ മുൻ സർക്കാർ വരുത്തിയ വീഴ്ച മറികടക്കുന്നതിന് നടത്തുന്ന സജീവ നടപടികൾ വിശദമാക്കുമോ;

(ഡി) കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ പൂർത്തിയായിട്ടുണ്ട്; കോഴിക്കോട് ജില്ലയിലെ ഇതിന്റെ അവസ്ഥയെന്ത്; വിശദമാക്കാമോ;

(ഇ) കോഴിക്കോട് ജില്ലയിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ അനുസരിച്ച് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീട് തീരപ്രദേശത്ത് നിലനിൽക്കുന്നു എന്നത് വിശദമാക്കാമോ;

(എഫ്) സംസ്ഥാനത്തെ സ്ഥിതി എപ്രകാരമാണ് ശൈലേഷ് നായിക് സമിതി റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളത്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) CRZ നിയമംമൂലം കേരളത്തിലെ തീരദേശ മേഖലയിൽ സംസ്ഥാനം നേരിടുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയങ്ങൾ പഠിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രം ഡോ. ശൈലേഷ് നായിക് അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി ഇക്കാര്യം വിശദമായി പഠിച്ച് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് 2011-ലെ CRZ വിജ്ഞാപനത്തിൽ ചില ഇളവുകൾ അനുവദിക്കുമെന്ന് കരുതപ്പെടുന്നു.

(സി) 2011-ലെ CRZ റഗുലേഷൻ പ്രകാരമുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP)-യുടെ കേന്ദ്ര സർക്കാർ സ്ഥാപനമായ NCESS മുഖേന തയ്യാറാക്കി മറ്റൊരു കേന്ദ്ര സർക്കാർ സ്ഥാപനമായ NCSCM-ന് പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. ഇത് തിരികെ ലഭിച്ചാലുടനെ കേരളത്തിലെ 10 തീരദേശ ജില്ലകളിലും NCSCM തിരുത്തി അയച്ചുതന്നിരിക്കുന്ന വേലിയേറ്റ രേഖ അനുസരിച്ച് തയ്യാറാക്കിയ Coastal Zone Management Plan-ന്റെ കരട് പുതുക്കുകയും 10 ജില്ലകളിലും ഇത് പ്രസിദ്ധീകരിച്ച് ബന്ധപ്പെട്ടവരുടെ പരാതികൾ കൂടി കേട്ടശേഷം അന്തിമ പ്ലാൻ തയ്യാറാക്കുകയും ഇത് CZMP കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ചെയ്യും. കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോഴാണ് പ്രസ്തുത പ്ലാൻ അന്തിമമാകുന്നത്.

(ഡി) എല്ലാ ജില്ലകളിലെയും പ്ലാനിന്റെ കരട് തയ്യാറായിട്ടുണ്ട്. NCSCM വേലിയേറ്റ രേഖ അന്തിമമായി തയ്യാറാക്കുന്നതിനനുസരിച്ച് ഇതിനാവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതുണ്ട്.

(ഇ) NCSCM വേലിയേറ്റ രേഖ അന്തിമമായി തയ്യാറാക്കുന്നതിനനുസരിച്ച് മാത്രമേ ഇത്തരത്തിലുള്ള ഔദ്യോഗികമായ കണക്കെടുപ്പ് സാധ്യമാകുകയുള്ളൂ.

(എഫ്) ഡോ. ശൈലേഷ് നായിക് സമിതി റിപ്പോർട്ട് കേന്ദ്ര സർക്കാരിനാണ് സമർപ്പിച്ചിരിക്കുന്നത്. ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമല്ല.

**കേരള സമുദ്രതീരത്തെ മാലിന്യം**

35 (4190) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തോട് ചേർന്നുള്ള സമുദ്രതീരം ലോകത്തിലെതന്നെ ഏറ്റവും മാലിന്യമേറിയതാണെന്ന ജർമനിയിലെ ആൽഫ്രഡ് വെഗ്നർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകർ നടത്തിയ പഠനത്തിൽ കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേമ്പനാട് കായലിലാണ് ഏറ്റവും അധികം പ്ലാസ്റ്റിക് ഉള്ളതെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ക്രിയാത്മകമായ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly